**ക്രമപ്രശ്നം**

ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാത്തത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർമാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല. ഈ സഭയുടെ പതിനഞ്ചാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 781 ചോദ്യത്തിനുള്ള മറുപടി ലഭിക്കാനുണ്ട്. പതിമൂന്നാം കേരളാനിയമസഭയുടെ ഒന്നു മുതൽ പതിനാലുവരെയുള്ള സമ്മേളനങ്ങളിൽ ഏതാണ്ട് ആയിരത്തോളം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയിട്ടില്ല. എന്റെ ചോദ്യങ്ങളിൽ മുപ്പത്തിമൂന്നെണ്ണത്തിന് ഉത്തരം കിട്ടിയിട്ടില്ല. ഈ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ലാത്തതുകൊണ്ടല്ല, ഉത്തരം കൊടുത്തുകഴിഞ്ഞാൽ മെമ്പർമാർ ഗവൺമെന്റിനെതിരായി ഉപയോഗിച്ചുകളയും എന്നുള്ള ധാരണയിൽ പൂഴ്ത്തിവയ്ക്കുകയാണ്. കേരളത്തിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ശ്രീജിത്ത്, ഐ.ജി. നടത്തിയ ഒരു അന്വേഷണ റിപ്പോർട്ട് റവന്യൂവകുപ്പിന്റെ കൈവശമുണ്ട്. പത്രങ്ങളിലെല്ലാം ഇതിനെക്കുറിച്ചുള്ള വാർത്ത വന്നതാണ്. ഏതാണ്ട് അഞ്ചേകാൽ ലക്ഷത്തോളം ഏക്കർ ഭൂമി അനധികൃതമായി കൈവശംവെച്ച ഒരു വിവരണമാണിത്. അദ്ദേഹം അന്വേഷണം നടത്തിയിട്ട് കൊടുത്തതാണ്. ഞാൻ ചോദിച്ചതിനുള്ള ഉത്തരമെന്നു പറയുന്നത്; ഇതു സംബന്ധിച്ച വിവരങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ - വിവരം ശേഖരിച്ചുവരുന്നു. അതിന്റെ ഭാഗമായി ആഭ്യന്തരവകുപ്പ് ചില കേസുകളെടുത്തിട്ടുണ്ട്. ഇത് ആഭ്യന്തരവകുപ്പുമന്ത്രിതന്നെ പത്രക്കാരോട് പറഞ്ഞ കാര്യമാണ്. എത്ര കേസെടുത്തിട്ടുണ്ട് എന്ന് ചോദിച്ച സമയത്ത് വിവരം ശേഖരിച്ചുവരുന്നു എന്നാണ് പറഞ്ഞത്. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ചോദിച്ചു- ഈ അഞ്ചുവർഷത്തിലേയ്ക്ക് എത്ര ഉല്പാദനം നടന്നിട്ടുണ്ട്; ഡിസ്ട്രിബ്യൂഷൻ രംഗത്തെയും ട്രാൻസ്മിഷൻ രംഗത്തെയും പുരോഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് എത്ര ഫണ്ട് നമ്മൾ നീക്കിവെച്ചു, എത്ര ചെലവഴിച്ചു? അതിനുള്ള മറുപടിയും വിവരം ശേഖരിച്ചുവരുന്നു എന്നുള്ളതാണ്. യഥാർത്ഥത്തിൽ നിയമസഭാ സാമാജികന്മാരുടെ സജീവത നിയമസഭയിൽ വരുന്നതിന് തടസ്സമായി നിൽക്കുകയാണ് ഈ ഉദ്യോഗസ്ഥർ. അത് മന്ത്രിമാരുടെ നിർദ്ദേശ പ്രകാരമാണെങ്കിൽ ബഹുമാനപ്പെട്ട അങ്ങ് അതിൽ ഇടപെടണം. ലോകസഭാ സെക്രട്ടറിയായിരുന്ന സുഭാഷ് സി. കശ്യപ് എഴുതിയ പാർലമെന്ററി പ്രൊസീഡ്യുവറിൽ പറയുന്നത്, 'In the context of parliamentary institutions, it is an inherent and inalienable right of a member of Parliament to seek or elicit information from the Government on a matter of public interest in order to enable him to discharge his duties enjoined by the Constitution'.

ഇതാണ് ഇവിടെ നിഷേധിക്കുന്നത്. ഭരണഘടനാപരമായി ഞങ്ങൾ enjoy ചെയ്യേണ്ട ഒരു അവകാശമാണിത്. ഞങ്ങളുടെ പെർഫോമൻസ് അത് ഭരണകക്ഷിയായാലും പ്രതിപക്ഷമായാലും അതേറ്റവും സജീവമായി ഈ സഭയിൽ വരുന്നത് ഇൻഫർമേഷൻ കയ്യിൽ ഉണ്ടാകുമ്പോഴാണ്. അത് തരില്ല എന്നു പറയുന്നത് ജനാധിപത്യത്തോടുള്ള ഒരു വെല്ലുവിളിയാണ്. അനിവാര്യമായ സാഹചര്യത്തിൽ ഏതെങ്കിലും ചിലപ്പോൾ കിട്ടാത്ത സാഹചര്യമുണ്ടാകും. അത് മനസ്സിലാക്കാം. പത്രങ്ങളിൽ വന്ന വിവരങ്ങൾപോലും കിട്ടുന്നില്ല. എന്നാൽ വിവരാവകാശ കമ്മീഷൻ മുഖേന ചോദിക്കുമ്പോൾ ഞങ്ങൾക്ക് കിട്ടുന്നുണ്ട്. അതുകൊണ്ട് ഇതിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു റൂളിംഗ് ആവശ്യമാണ്.